(ഇ) ഇക്കാര്യം കൂടി കണക്കിലെടുത്തുകൊണ്ടാണ് സഹകരണ മേഖലയിൽ ഒരു ഇൻഷ്വറൻസ് സ്ഥാപനം ആരംഭിക്കുന്ന കാര്യം പരിഗണിച്ചു കൊണ്ടിരിക്കുന്നത്. സഹകരണ മേഖലയുടേയും പൊതുജനങ്ങളുടേയും ഇൻഷ്വറൻസ് സംബന്ധമായ ആവശ്യങ്ങൾ ന്യായമായ രീതിയിൽ നിർവ്വഹിക്കുവാൻ സ്ഥാപനത്തിന് സാധിക്കുമെന്നുള്ള പ്രതീക്ഷയിലാണ് ഇപ്രകാരമുള്ള ഒരു ശ്രമം ആരംഭിച്ചിട്ടുള്ളത്.

(എഫ്) സഹകരണ ക്രെഡിറ്റ് സമ്പ്രദായത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് പഠിക്കുവാനും അതിനെ ശക്തിപ്പെടുത്താനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാനുമായി റിസർവ്വ് ബാങ്ക് ഡെപ്യൂട്ടി ഗവർണറുടെ അദ്ധ്യക്ഷതയിൽ ഒരു 'ടാസ്ക് ഫോഴ്സി'നെ കേന്ദ്ര സർക്കാർ നിയമിച്ചിരുന്നു. പ്രസ്തുത ടാസ്ക് ഫോഴ്സ് അതിന്റെ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശുപാർശകൾ പഠിച്ചു വരുന്നതേയുള്ളു.

(ജി) ഡൽഹിയിൽ കൂടിയ സഹകരണ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ ഈ വിഷയം ഉന്നയിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ എം.പി.മാരുടെ കോൺഫറൻസിലും ഇത് ചർച്ച ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

സഹകരണവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇൻഷ്വറൻസ്

4 (*54) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇൻഷ്വറൻസ് ബിസിനസ് നടത്തുന്നതിനുള്ള കമ്പനിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഈ കമ്പനിക്ക് ഈ ബിസിനസ്സ് നടത്തുന്നതിനുള്ള തുക എപ്രകാരമാണ് സംഭരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇക്കാര്യത്തിനായി എന്ത് തുക സംഭരിക്കാനാണ് ഉദ്ദേശിച്ചിരുന്നത് ; അതിൽ എന്തു തുക ഇതുവരെ സംഭരിച്ചുവെന്നും ഓരോ സഹകരണ സ്ഥാപനവും എന്തു തുകവീതം ഇക്കാര്യത്തിനായി നൽകുകയുണ്ടായെന്നും വ്യക്തമാക്കാമോ ;

(ഡി) ഈ ആവശ്യത്തിന് സഹകരണ സ്ഥാപനങ്ങൾ തുക നൽകുന്ന സന്ദർഭത്തിൽ കർഷകർക്കുള്ള കാർഷിക വായ്പകൾ യഥാസമയം നൽകുവാൻ ഈ സഹകരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്.ശർമ്മ) :

(എ) കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സൊസൈറ്റി ലിമിറ്റഡ് നം.റ്റി 4428 എന്ന പേരിൽ ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സഹകരണ ഇൻഷ്വറൻസ് സൊസൈറ്റിയുടെ ഓഹരി മൂലധനം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും സ്വരൂപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) സഹകരണ ഇൻഷ്വറൻസ് സൊസൈറ്റിയുടെ അംഗീകൃത ഓഹരി മൂലധനം 125 കോടി രൂപ എന്ന് കണക്കാക്കിയിരിക്കുന്നു. ഇതിന്റെ പ്രാരംഭ നടപടികളേ ആയിട്ടുള്ളു.

(ഡി) ഓഹരി മൂലധനം സ്വരൂപിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടേയുള്ളൂ. ഓഹരികളിൽ നിക്ഷേപിക്കാനുള്ള ഓരോ സംഘത്തിന്റെയും കഴിവിനനുസൃതമായി മാത്രമേ അതാത് സംഘങ്ങൾ ഓഹരി എടുക്കുകയുള്ളു എന്നതിനാൽ വായ്പാ വിതരണത്തിന് യാതൊരു തടസ്സവും ഉണ്ടാവുകയില്ല.

ശ്രീ. വർഗ്ഗീസ് വൈദ്യർ : കേന്ദ്രഗവൺമെന്റിന്റെ സഹകരണം കൂടാതെ കേരളത്തിലെ സഹകരണമേഖലയിൽ ഇൻഷ്വറൻസ് കമ്പനികൾ രൂപീകരിക്കാൻ കഴിയുമോ ?

ശ്രീ. എസ്. ശർമ്മ : ഇപ്പോഴത്തെ സെൻട്രൽ റഗുലേറ്ററി അതോറിറ്റി നിയമത്തിൽ സംസ്ഥാനങ്ങളിലെ സഹകരണമേഖലയിൽ ഉൾപ്പെടെ ഇൻഷ്വറൻസ് കമ്പനികൾ ആരംഭിക്കുന്നതിന് വ്യവസ്ഥയുണ്ട്. അതനുസരിച്ചാണ് പുതിയതായി ലൈസൻസ് കൊടുക്കുന്ന പട്ടികയിൽ സഹകരണമേഖലയ്ക്ക് മുന്തിയ പരിഗണന നൽകണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റ് വിളിച്ചുകൂട്ടിയ സഹകരണമന്ത്രിമാരുടെ കോൺഫറൻസിൽ ഉന്നയിച്ചത്. ആ അഭിപ്രായം കോൺഫറൻസിൽ ഉയർന്നുവന്നതുകൊണ്ടാണ് റഗുലേറ്ററി അതോറിറ്റിയുടെ മുൻപിൽ നാം അപേക്ഷ സമർപ്പിക്കുന്നത്. ഓഹരിമൂലധനം നിശ്ചിത രൂപത്തിൽ പൂർത്തികരിച്ചശേഷമായിരിക്കും അപേക്ഷ സമർപ്പിക്കുന്നത്. അതിനുവേണ്ടി സംഘം രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. വർഗ്ഗീസ് വൈദ്യർ : മറ്റേതെങ്കിലും സംസ്ഥാനങ്ങളിൽ സഹകരണ മേഖലയിൽ ഇൻഷ്വറൻസ് കമ്പനികൾ ആരംഭിക്കുന്നതായി അറിയാമോ ?

ശ്രീ. എസ്. ശർമ്മ : സഹകരണമേഖലയിൽ ഇപ്പോൾ ഇൻഡ്യയിൽ ഇൻഷ്വറൻസ് കമ്പനികൾ ആരംഭിക്കുന്നതിന് മുൻകൈയെടുത്തിട്ടുള്ളത് കേരളം മാത്രമാണ്. മറ്റേതെങ്കിലും സംസ്ഥാനം മുൻകൈയെടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സഹകരണമേഖലയിൽ ഇൻഷ്വറൻസ് കമ്പനികൾ ആരംഭിക്കുന്നതിന് ഈ ഗവൺമെന്റ് എടുത്ത നിലപാട് സ്വാഗതാർഹമാണ്. കാർഷിക മേഖലയിലുള്ള സഹകരണസംഘങ്ങൾക്ക് മാത്രമാണോ ഇത്

LIBRARY ARCHIVES Kerala Legislative Assembly

ബാധകമാക്കുന്നത് ? എന്നാൽ കാർഷികമേഖലയേക്കാൾ പ്രീമിയം അടയ്ക്കാൻ കഴിയുന്ന വ്യാവസായിക മേഖലയിലെ സംഘങ്ങളെക്കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവരാൻ ശ്രമം നടത്തുമോ ?

ശ്രീ. എസ്. ശർമ്മ : എല്ലാ സംഘങ്ങളെയും ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്താനാണ് ശ്രമിക്കുന്നത്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : എൽ.ഐ.സി., ജി.ഐ.സി. തുടങ്ങിയ നമ്മുടെ ഇൻഷ്വറൻസ് കമ്പനികൾ സ്വകാര്യവൽക്കരിക്കാൻ പോകുന്നതിന്റേയും വിദേശകമ്പനികൾ കടന്നുവരുന്നതിന്റേയും സാഹചര്യത്തിൽ സഹകരണ മേഖലയിൽ ആരംഭിക്കുന്ന ഇൻഷ്വറൻസ് കമ്പനിക്ക് കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ ? ഇല്ലെങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. എസ്. ശർമ്മ : സഹകരണമന്ത്രിമാരുടെ കോൺഫറൻസ് നടന്ന അവസരത്തിൽ ഈ പ്രശ്നം ഉന്നയിച്ചപ്പോൾ ബന്ധപ്പെട്ടവർ പൊതുവെ അനുകൂലമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഈ മേഖലയിൽ വിദേശമൂലധനത്തിന്റെ ശക്തമായ വരവ് കണക്കിലെടുത്തുകൊണ്ടാണ് സഹകരണ പ്രസ്ഥാനത്തിലൂടെ കുറച്ചെങ്കിലും ബിസിനസ്സ് നിർവഹിച്ച് സംസ്ഥാനത്തെ കർഷകർക്കും തൊഴിലാളികൾക്കും ജനങ്ങൾക്കും സഹായകരമായ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിട്ടുള്ളത്. നിലവിലുള്ള നിയമപ്രകാരം ഈ സംരംഭത്തിന് അനുവാദം ഉണ്ട്. അതുകൊണ്ടുതന്നെ അനുവാദം നൽകില്ല എന്നു കണക്കാക്കിയുള്ള ചോദ്യം ഇവിടെ അപ്രസക്തമാണ്.

ശ്രീ. പി. രാഘവൻ : കേന്ദ്ര ഇൻഷ്വറൻസ് റഗുലേറ്ററി ആക്ട് പ്രകാരം സംസ്ഥാനസഹകരണ മേഖലയിൽ ഇൻഷ്വറൻസ് കമ്പനി ആരംഭിക്കുന്നതിന് തടസ്സമുള്ളതായി അറിയാമോ ? ഉണ്ടെങ്കിൽ ആ തടസ്സം നീക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : തടസ്സം ഉള്ളതായി അറിയില്ല.

ശ്രീ. പി. രാഘവൻ : സംസ്ഥാനം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ പദ്ധതിയെ സംബന്ധിച്ച് ജനങ്ങൾക്ക് വേണ്ടത്ര അറിയില്ല. അതിനായി വ്യാപകമായ പ്രചാര പ്രവർത്തനങ്ങൾ നടത്തുമോ ?

ശ്രീ. എസ്. ശർമ്മ : സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ഇതിന്റെ അംഗീകാരം കിട്ടി ബിസിനസ് ആരംഭിക്കുന്നതിന്റെ ഭാഗമായി ജനങ്ങളെ വിപുലമായി സഹകരിപ്പിക്കുന്നതിന് പ്രചാരപ്രവർത്തനങ്ങൾ ആവശ്യമായി വരും.

ശ്രീ. കെ. മുഹമ്മദാലി : ഇൻഷ്വറൻസ് റഗുലേറ്ററി ആക്ട് അനുസരിച്ച് ഇൻഷ്വറൻസ് മേഖലയിലേയ്ക്ക് സഹകരണമേഖല കടന്നുവരുന്നതിനോടുള്ള കേന്ദ്രഗവൺമെന്റിന്റെ പ്രതികരണം ആരാഞ്ഞിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : ഒരു കോൺഫറൻസിലാണ് ഈ പ്രശ്നം ആദ്യമായി ഗവൺമെന്റിനു വേണ്ടി ഉന്നയിച്ചത്. പ്രത്യേകമായ എതിർപ്പ് പ്രകടിപ്പിട്ടില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : കാർഷികമേഖലയിലെ സഹകരണ സംഘങ്ങളിലെ സഹകാരികൾക്ക് ഈ ഇൻഷ്വറൻസ് പദ്ധതികൊണ്ട് എന്തെങ്കിലും പ്രയോജനം ലഭിക്കുമോ? സഹകരണസംഘങ്ങളിലെ സഹകാരികളായ കർഷകർക്ക് കാർഷിക വകുപ്പിൽ നിന്നും നിഷേധിക്കപ്പെട്ടിരിക്കുന്ന വൈദ്യുതി സൗജന്യം പോലുള്ള ഏർപ്പാടുകൾ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതുകൊണ്ട് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : സഹകരണപ്രസ്ഥാനത്തിന്റെ നിലനില്പും അതിന്റെ വളർച്ചയും എന്നു പറയുന്നത് കർഷകരുടെ കൂട്ടായ്മയും നിക്ഷേപം ഉറപ്പാക്കലും വായ്പ നൽകലുമാണ്. ഗ്രാമീണ കർഷകരുടെ താൽപ്പര്യം സംരക്ഷിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനമാണ് സഹകരണമേഖല. ഈ ഇൻഷ്വറൻസ് കമ്പനി വരുന്നതോടുകൂടി നിക്ഷേപം, വായ്പ, വിവിധ പ്രോജക്ടുകൾ, അതിലുണ്ടാകുന്ന ഉൽപ്പന്നങ്ങൾ, മാർക്കറ്റിംഗ് തുടങ്ങിയിട്ടുള്ള സമസ്ത സ്റ്റേജുകളിലും പൂർണ്ണമായ സുരക്ഷിതത്വവും സംരക്ഷണവും ഉറപ്പു വരുത്തുന്നതാണ്. ദീർഘകാലാടിസ്ഥാനത്തിൽ നോക്കുമ്പോൾ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും ഈ ഇൻഷ്വറൻസ് കമ്പനിക്ക് നിർണ്ണായകരമായ പങ്ക് വഹിക്കാൻ കഴിയും, കഴിയണം എന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പവർ ഹൈവേകൾ

5(*34) ശ്രീ. രാജു എബ്രഹാം :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ പവർ ഹൈവേകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) പവർ ഹൈവേ ഏതൊക്കെ മേഖലകളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly